കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ നഗരസഭാ മെ. ഫിലിപ്സ് ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ടി നഗരസഭാ വൈദ്യുത വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിനെതിരെ ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 492/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.02.2018

പരാമർശം :
1) തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 03.01.2007 തീയതിയിലെ ഇ 5- 3298/05 നമ്പർ കത്ത്.
2) തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് അയച്ച 22.01.2009 തീയതിയിലെ 3911/ഇയു1/07/തസ്വഭവ. നമ്പർ കത്ത്.
3) ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച 29.05.2009 തീയതിയിലെ മറുപടി.
4) തൃശ്ശൂർ നഗരസഭാ വൈദ്യുത വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിന് നൽകിയ 27.04.2011 തീയതിയിലെ 3911/ഇയു1/07/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
5) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച 30.01.2012 തീയതിയിലെ പ്രതിവാദ പത്രിക.
6) 31.03.2012 തീയതിയിലെ സ.ഉ. (സാധാ) നം. 1020/12/തസ്വഭവ.
7) 15.01.2013 തീയതിയിലെ സ.ഉ. (സാധാ) നം. 90/13/തസ്വഭവ.
8) നഗരകാര്യ ഡയറക്ടറുടെ 30.04.2012, 06.11.2012, 30.03.2013, 25.04.2017 എന്നീ തീയതികളിലെ വി2-10653/06 നമ്പർ കത്തുകൾ.

## ഉത്തരവ്

തൃശൂർ നഗരസഭ മെ. ഫിലിപ്സ് ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് നഗരകാര്യ ഡയറക്ടർ താഴെ പറയുന്ന വീഴ്ചകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിന്റെ വിശദീകരണം പരാമർശം രണ്ട് പ്രകാരം ആരാഞ്ഞിരുന്നു.

1. a) 35,035/- രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ 6,07,078/- രൂപയുടെ സാധനങ്ങൾ വാങ്ങി.

b) മേൽ പറഞ്ഞ 35,035/- രൂപയുടെ അടങ്കലിനോ കൂടിയ തുകയ്ക്കുള്ള അടങ്കലിനോ ഭരണാനുമതി നൽകിയിട്ടില്ല.

c) കേരള മുനിസിപ്പാലിറ്റി (മരാമത്തു പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടങ്ങളിൽ 16 (2) സി പ്രകാരമാണ് സാധനങ്ങൾ വാങ്ങുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തി എങ്കിലും ചട്ടത്തിന്റെ മറവിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും പ്രൊഫോർമ സ്വീകരിക്കാതെ മെ. ഫിലിപ്സ് ഇന്ത്യയിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശിച്ചു.

d) പ്രൊഫോർമ ഇൻവോയിസ് കൗൺസിലിൽ വെച്ച് അംഗീകാരം വാങ്ങാതെ പർച്ചേയ്സ് ഓർഡർ നൽകി.

e) മെ. ഫിലിപ്സ് ഇന്ത്യയോട് പ്രൊഫോർമ ഇൻവോയ്സ് ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തിൽ ആവശ്യമായ സാധനങ്ങളുടെ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ കാലഘട്ടത്തിൽ റേറ്റ് കോൺട്രാക്റ്റ് നിലവിലുണ്ടായിരുന്നോ എന്നും വ്യക്തമാക്കിയിട്ടില്ല.

f) 35,035/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും 6,07,078/- രൂപയുടെ സാധനങ്ങൾ ടെണ്ടർ നടപടി സ്വീകരിക്കാതെയും, കൗൺസിലിന്റെ അംഗീകാരമോ ഭരണാനുമതിയോ ഇല്ലാതെയും നിയമാനുസൃതമല്ലാതെയും വാങ്ങി.

2. ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച പരാമർശം 3-ലെ മറുപടിയിൽ ടിയാൻ 20-12-2004 മുതൽ 31/8/2005 വരെ തൃശൂർ കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറിയായി ചുമതല വഹിച്ചിട്ടുണ്ട് എന്നും ടി. കാലയളവിൽ സ്വാശ്രയ കുടിവെള്ള പദ്ധതി പ്രകാരം ശ്രീമതി. എം.എൽ. റോസി എന്ന കൗൺസിലറുടെ വാർഡിൽ യഥാക്രമം ട്യൂബ് സെറ്റ്, എസ്.വി. ലാമ്പ് ഇവ വാങ്ങുന്നതിനായി 35,035/- രൂപയുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട് എന്നും ഇവ സ്വാശ്രയ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനത്തിനായി 1994-ലെ മുനിസിപ്പാലിറ്റി ആക്ട് 15(4) വകുപ്പ് പ്രകാരം അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കോർപ്പറേഷൻ മേയർ ഭരണാനുമതി നൽകിയിട്ടുണ്ട് എന്നും ഫയലിൽ 607078/- രൂപയുടെസാധനങ്ങൾ വാങ്ങിയിരിക്കുന്നു എന്ന് കാണുന്നതിന് കാരണം സ്വാശ്രയ കുടിവെള്ള പദ്ധതിക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങൾക്ക് സപ്ലൈ ഓർഡർ കൊടുക്കുന്നതിന് മുമ്പായിട്ടാണ് ലോകപ്രസിദ്ധമായ തൃശൂർപൂരത്തിനായി അടിയന്തിരമായി അഞ്ചേമുക്കാൽ ലക്ഷം രൂപയുടെ ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി ഇലക്ട്രിക്കൽ എഞ്ചിനീയറുടെ റിപ്പോർട്ടും അതേ ഫയലിൽതന്നെ EWS എന്ന പർച്ചേസ് സെക്ഷനിൽ നിന്നും ലഭിച്ചിട്ടുള്ളത് എന്നും ആയതും അടിയന്തിരമാകയാൽ പർച്ചേഴ്സ് ചെയ്യുവാൻ 1994 ലെ മുനിസിപ്പാലിറ്റി ആക്ട് 15(4) വകുപ്പ് പ്രകാരം കോർപ്പറേഷൻ മേയർ ഭരണാനുമതി നൽകിയിട്ടുണ്ട് എന്നും ടെണ്ടർ വിളിക്കാനോ എഞ്ചിനീയറിംഗ് കോളേജിൽ കൊടുത്ത് ടെസ്റ്റ് നടത്താനോ ഉള്ള സമയം വളരെ അടുത്ത ദിവസങ്ങളിൽ നടക്കാനിരിക്കുന്ന തൃശൂർപൂരം കാരണം ഉണ്ടായിരുന്നില്ല എന്നും അസ്സൽ തുകയായ 35035/-നോ കൂട്ടിയ അടങ്കലിനോ ഭരണാനുമതി ഉണ്ടായിരുന്നില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ് എന്നും 1997 ലെ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ 16(2)(സി) പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച് സ്റ്റോർ പർച്ചേസ് മാനുവൽ പൊതുവായ നിയമവും മുനിസിപ്പാലിറ്റി സാധനങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച് മേൽ പ്രസ്താവിച്ച ചട്ടങ്ങൾ പ്രത്യേക നിയമവുമാണെന്നും ഒരു നിശ്ചിത സ്റ്റാൻഡേർഡിലും സ്പെസിഫിക്കേഷനിലും

സാമഗ്രികൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥായിയായ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് ഈ ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പോലും ആവശ്യമില്ലായെന്ന് ചട്ടങ്ങളിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ് എന്നും ഈ സാഹചര്യത്തിൽ മുനിസിപ്പാലിറ്റികൾക്ക് മാത്രമായി ഉള്ള പ്രത്യേക നിയമം, ചട്ടങ്ങൾ ഇവ പരിശോധിക്കാതെ പൊതുനിയമമായ സ്റ്റോർ പർച്ചേസ് മാനുവലിന്റെ ചട്ടങ്ങളിൽ നിന്നുകൊണ്ട് ആരോപണം ഉണ്ടായിരിക്കുന്നതെന്നും പ്രത്യേക നിയമവും പൊതു നിയമവും തമ്മിൽ പരസ്പര വിരുദ്ധതയുണ്ടായാൽ പ്രത്യേക നിയമത്തിനാണ് പ്രാധാന്യവും മുൻഗണനയും എന്നും അടിയന്തിര സാഹചര്യമായതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 15(4) വകുപ്പ് പ്രകാരം കോർപ്പറേഷൻ മേയറിൽ നിന്നാണ് ഭരണാനുമതി നേടിയിട്ടുള്ളതെന്നും മുൻകൂർ അനുമതി നൽകിയതിന് ശേഷം ആയതിന്റെ അംഗീകാരം കൗൺസിലിൽ തേടിയിട്ടില്ലെങ്കിൽ ഉത്തരവാദി ജന പ്രതിനിധിയാണ് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ M/S. ഫിലിപ്സ് ഇൻഡ്യ ലിമിറ്റഡിന് നൽകിയിട്ടുള്ള പ്രൊഫോർമ ഇൻവോയ്സ് സംബന്ധമായ കത്തിൽ വിവിധ തരം ഇലക്ട്രിക്കൽ സാധനങ്ങളുടെ വിശദമായ എണ്ണം, സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും അപ്രകാരം വാങ്ങിയിട്ടുള്ളത് തന്നെ 1997 ലെ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ 16(2) (സി) ചട്ട പ്രകാരം നിശ്ചിത അളവിൽ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥായിയായ സ്ഥാപനത്തിൽ നിന്നുമാണ് എന്നും ആയതിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല എന്നും ശ്രീ. ജയകുമാർ ബോധിപ്പിച്ചിട്ടുണ്ട്.

3. ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 15(4) അനുസരിച്ച് മേയറുടെ അനുമതി വാങ്ങി നടപടിക്രമങ്ങൾ പാലിക്കാതെ അഞ്ചേമുക്കാൽ ലക്ഷം രൂപയുടെ ഇലക്ട്രിക് സാമഗ്രികൾ വാങ്ങിയ സെക്രട്ടറിയുടെ നടപടി തെറ്റാണെന്ന നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് കണക്കിലെടുത്തും, ശ്രീ. എസ്. ജയകുമാറിനെതിരെ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം നാല് പ്രകാരം കഠിന ശിക്ഷയുള്ള കുറ്റാരോപണ മെമ്മോ നൽകി.

4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.ജയകുമാർ സമർപ്പിച്ച പരാമർശം അഞ്ചിലെ മറുപടിയിൽ 35,035/- രൂപയുടെ എസ്റ്റിമേറ്റ് എന്നത് ഒരു കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ആവശ്യത്തിന് തയ്യാറാക്കിയിട്ടുള്ളതും ടി തുകയുടെ എസ്റ്റിമേറ്റ് 6,07,178/- രൂപയ്ക്കായി മാറ്റിയിട്ടുള്ളത് ആവശ്യമായ ലൈറ്റുകളിലെ ഒരു സെറ്റുപോലും സ്റ്റോക്കിൽ ലഭ്യമല്ല എന്ന സ്റ്റോർ കീപ്പറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്നും റണ്ണിംഗ് റിക്വയർമെന്റിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നതെന്നും അല്ലാതെ 35,045/- രൂപയുടെ എസ്റ്റിമേറ്റ് ചൂണ്ടിക്കാണിച്ചുകൊണ്ട് 6,07,178/- രൂപയുടെ സാധനം വാങ്ങുകയല്ല ചെയ്തിരിക്കുന്നതെന്നും 2005-06-ലെ വൈദ്യുതി വിഭാഗം ബഡ്ജറ്റ് കൗൺസിൽ പാസാക്കുകയും സാധനങ്ങൾ വാങ്ങാൻ 19.4.2005-ന് മേയർ ഉത്തരവു നൽകുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഭരണാനുമതി ഇല്ല എന്ന ആരോപണം നിലനിൽക്കുന്നതല്ലെന്നും ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് ഒരു പൊതു നിയമവും പ്രത്യേക നിയമവും തമ്മിൽ വൈരുദ്ധ്യമുണ്ടാകുന്ന പക്ഷം ആ

വിഷയത്തിനുവേണ്ടിയുള്ള പ്രത്യേക നിയമം മാത്രമേ നിലനിൽക്കുകയുള്ളൂ എന്നതിനാൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (മരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളൂ എന്നും 1997-ലെ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ 8, 9, 10 ചട്ടങ്ങൾ പ്രകാരമാണ് പ്രൊഫോർമ സ്വീകരിക്കാതെ മെ.ഫിലിപ്സ് ഇന്ത്യയിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുള്ളതാണ് എന്നും ടി സാധനങ്ങൾ മുഴുവൻ സ്റ്റോക്ക് എൻട്രി ചെയ്ത് തൃശൂർ കോർപ്പറേഷന്റെ ദൈനംദിന ഉപയോഗത്തിനായി സപ്ലൈ ചെയ്തിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് കോർപ്പറേഷന് എന്തെങ്കിലും നഷ്ടമുണ്ടായതായി പറയാൻ കഴിയുകയില്ലെന്നും 10.10.2007-ൽ കോർപ്പറേഷൻ സെക്രട്ടറി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണെന്നും ആയത് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെടുന്നതാണെന്നും ശ്രീ. എസ്. ജയകുമാർ ബോധിപ്പിച്ചിട്ടുണ്ട്.

5) ശ്രീ. എസ്. ജയകുമാറിനെതിരായ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി വാച്യാന്വേഷണം നടത്തുന്നതിന് പരാമർശം 6, 7 എന്നിവ പ്രകാരം നഗരകാര്യ ജോയിന്റ് ഡയറക്ടറെ (ഭരണം) ചുമതലപ്പെടുത്തി.

6) പരാമർശം 8 പ്രകാരം ലഭ്യമാക്കിയ വാച്യാന്വേഷണ റിപ്പോർട്ടിൽ ശ്രീ. എസ്. ജയകുമാറിന്റെ പ്രവർത്തി നഗരസഭയ്ക്ക് നഷ്ടമൊന്നും ഉണ്ടാക്കിയിട്ടില്ലെന്നും ബൾബും മറ്റും വാങ്ങുന്നതിന് M/s. Philips എന്ന കമ്പനിയ്ക്ക് D.G.S.D റേറ്റ് കോൺട്രാക്ട് നിലവിലുണ്ടായിരുന്നു എന്നും ആയതിനാൽ ശ്രീ. എസ്. ജയകുമാറിനെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കണമെന്നും ശുപാർശ ചെയ്തു.

7) മേയറുടെ നിർദ്ദേശപ്രകാരമാണ് സാധനങ്ങൾ വാങ്ങിയതെന്നാണ് ശ്രീ. ജയകുമാർ തന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഏതൊരു സാധനം വാങ്ങുന്നതിനും ഭരണാനുമതി ഉണ്ടായിരിക്കണമെന്ന് കേരളാ മുനിസിപ്പാലിറ്റി (Execution of Public Works and Purchase of materials) Rules 1997-ലെ ചട്ടം 16 പറയുന്നുണ്ട്. വാങ്ങേണ്ട സാധനങ്ങൾ എന്തൊക്കെയാണെന്നും എത്രയാണെന്നും മുൻകൂട്ടി കണ്ട് അവയ്ക്ക് ഭരണാനുമതി നേടിയെടുത്ത് നടപടിക്രമങ്ങളിലൂടെ സാധനം വാങ്ങുന്ന നടപടിയാണ് ചെയ്യേണ്ടിയിരുന്നത്. 150 വാട്ടിന്റെ 6 ബൾബുകൾ വാങ്ങുന്നതിന് മേയർ നിർദ്ദേശം നൽകിയതായി കാണുന്നുണ്ടെങ്കിലും അതിൽ കൂടുതലുള്ള അഞ്ചേമുക്കാൽ ലക്ഷം രൂപയുടെ സാധനങ്ങൾ അസിസ്റ്റന്റ് സെക്രട്ടറി അനുമതിയില്ലാതെ വാങ്ങിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. മേൽ പരാമർശിച്ച മുനിസിപ്പാലിറ്റി ചട്ടം നടപടിക്രമങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അനുമതി നൽകുന്നില്ല. സാധനങ്ങൾ വാങ്ങിയതിന് സാധൂകരണത്തിനായി നഗരസഭാ കൗൺസിലിന് സമർപ്പിച്ചുവെങ്കിലും ആയതിന് കൗൺസിൽ അനുമതി നൽകിയിരുന്നില്ല. നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ല എങ്കിലും ഭരണാനുമതിയും മേയറുടെ അനുമതിയുമില്ലാതെ സാധനങ്ങൾ വാങ്ങിയത് ക്രമവിരുദ്ധ നടപടിയാണ്. ടി പ്രവർത്തിക്ക് ചട്ടങ്ങളുടെ പിൻബലവുമില്ല. ആയതിനാൽ നടപടിക്രമങ്ങളിലെ പാളിച്ചയാണ് ക്രമക്കേടിന് കാരണമെന്ന് വ്യക്തമാണ്. M/s. ഫിലിപ്സ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയുമായി ബൾബ് വാങ്ങുന്നതിന് ഡി.ജി.എസ്.ഡി റേറ്റ്

കോൺട്രാക്ട് നിലവിലുണ്ടായിരുന്നുവെന്ന് കാണുന്നുവെങ്കിലും ഭരണാനുമതിയില്ലാതെ വാങ്ങിയത് ചട്ടവിരുദ്ധമാണ്.

8) ഈ സാഹചര്യത്തിൽ തൃശ്ശൂർ നഗരസഭാ വൈദ്യുത വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി 1960 ലെ കേരളാ സിവിൽ സർവ്വീസസ് (നിയന്ത്രണവും തരം തിരിക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടി.കെ. ജോസ്. ഐഎഎസ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), തൃശ്ശൂർ.
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ നഗരസഭ.
അസിസ്റ്റന്റ് സെക്രട്ടറി, തൃശ്ശൂർ നഗരസഭാ വൈദ്യുത വിഭാഗം.
ശ്രീ. എസ്. ജയകുമാർ , മുൻ അസിസ്റ്റന്റ് സെക്രട്ടറി, തൃശ്ശൂർ നഗരസഭാ വൈദ്യുത വിഭാഗം.
(നഗരകാര്യ ഡയറക്ടർ മുഖേന)
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**